## 977

1 വരുന്നു വേഗം യേശു രാജൻ
ഭരണം ഭൂമേൽ ചെയ്തിടുവാൻ
ദൈവികരാജ്യം സ്ഥാപിക്കുവാൻ
വരുന്നു വേഗം യേശുരാജൻ

ആ....ആനന്ദമേ പരമാനന്ദമേ
അന്നാളിലെന്തോരാനന്ദമേ
മനുവേൽ മശിഹ നീതിയിൽ രാജനായ് -ഭൂ-
വാഴുമന്നാളിലെന്താനന്ദമേ

2 സാത്താനെ ബന്ധനം ചെയ്തിടുമേ
ശാശ്വത ശാന്തി പകർന്നിടുമേ
സന്താപങ്ങൾ പറന്നോടിടുമേ
സത്ഭരണം ഭൂവിലായിടുമേ-

3 യുദ്ധവും ക്ഷാമവും ഭൂകമ്പവും
ഉഗ്രജനങ്ങളിൻ കൊലവിളിയും
ഭീകര വാഴ്ചയും മാറിടുമേ
പ്രീതിയോടേവരും വസിച്ചിടുമേ-

4 മരുഭൂതലവും മലരണിയും
വരണ്ടഭൂമയിൽ ഫലം പെരുകും
അനുഗ്രഹമാരിയാൽ ജലം നിറയും
അവനിയിലേശു വാണിടുമ്പോൾ-

5 നിന്ദിതരും രക്തസാക്ഷികളും
മന്നിതിൽ പാടുകളേറ്റവരും
പൊന്മുടി ചൂടിയന്നാർത്തു പാടി
മന്നവൻ ക്രിസ്തുവിൻ കൂടെ വാഴും- G.P.